# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 8135: 24/07/2012- ൽ മറുപടിക്ക്**

**ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

**ചോദ്യം** **ഉത്തരം**

**ശ്രീ. വി. ശിവൻകുട്ടി**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; | (എ) | ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>• കമ്പോള വിലയിലും താഴ്ന്ന വിലയ്ക്ക് വ്യവസായ നടത്തിപ്പിനായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഭൂമി നൽകൽ<br>• ഏകജാലക സംവിധാനങ്ങളിലൂടെ (ഗ്രീൻ ചാനൽ കൗണ്ടർ) ക്ലിയറൻസുകളും ലൈസൻസുകളും ലഭ്യമാക്കൽ.<br>• സംരംഭകത്വ സഹായ പദ്ധതി.<br>• ശേഷി വികസനവും തീവ്ര വ്യവസായവത്കരണവും പരിപാടി.<br>• വ്യവസായ സഹകരണമേഖലയ്ക്കും കരകൗശല മേഖലയ്ക്കും പ്രത്യേക ആനുകൂല്യങ്ങൾ.<br>• അസംസ്കൃത വസ്തുക്കൾക്ക് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകൽ.<br>• കേരളത്തിൽ സ്ഥലത്തിന്റെ പരിമിതി പരിഗണിച്ച് കുറഞ്ഞസ്ഥലത്ത് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ നിർമ്മാണം.<br>• പുതിയ സ്ഥലം ഏറ്റെടുക്കുന്നതിന് പബ്ലിക്ക് പ്രൈവറ്റ് പഞ്ചായത്ത് പാർട്ണർഷിപ്പ് (പിപിപിപി) മോഡ് അടിസ്ഥാന സൗകര്യ വികസന പദ്ധതി. |

| | | | |
|---|---|---|---|
| | | | • ചെറുകിട വ്യവസായ ക്ലസ്റ്റർ വികസന പരിപാടി.<br>• വാണിജ്യ വികസന പരിപാടി<br>• പ്രധാനമന്ത്രിയുടെ തൊഴിൽ സൃഷ്ടി പദ്ധതി (പി.എം.ഇ.ജി.പി). |
| (ബി) | പ്രസ്തുത പദ്ധതികൾ മുഖേന ലഭ്യമാകുന്ന വ്യക്തിഗത ആനുകൂല്യങ്ങളും അവയുടെ വിശദാംശങ്ങളും വ്യക്തമാക്കാമോ? | (ബി) | 1. സംരംഭകർക്ക് മൂലധന നിക്ഷേപത്തിന്റെ 15% സഹായധനം - 20 ലക്ഷം വരെ.<br>2. വനിതാ വ്യവസായികൾക്ക് മൂലധനത്തിന്റെ 20% സഹായധനം- 30 ലക്ഷം വരെ.<br>3. അഭ്യസ്തവിദ്യരായ യുവസംരംഭകർക്ക് മൂലധനത്തിന്റെ 20% സഹായധനം- 30 ലക്ഷം വരെ.<br>4. പട്ടികജാതി/പട്ടിക വർഗ്ഗ സംരംഭകർക്ക്- മൂലധനത്തിന്റെ 30% സഹായധനം-20 ലക്ഷം വരെ.<br>5. ഭക്ഷ്യ സംസ്കരണവും വിവിധ മുൻഗണനാ മേഖലകളിൽ തുടങ്ങുന്ന വ്യവസായങ്ങൾക്ക് 10% അധിക സഹായധനം-10 ലക്ഷം വരെ.<br>6. വയനാട്, ഇടുക്കി, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ വ്യവസായം തുടങ്ങുന്നവർക്ക് 10% അധിക ധനസഹായം- 10 ലക്ഷം വരെ.<br>7. നൂതന സാങ്കേതിക വിദ്യ അംഗീകരിക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ആർജ്ജിക്കുന്നതിന് 10% അധിക ധനസഹായം -10 ലക്ഷം വരെ.<br>8. സൂക്ഷ്മ വ്യവസായങ്ങൾക്കായി മാറ്റിവച്ചിട്ടുള്ള തുകയ്ക്ക് അപേക്ഷകരില്ലെങ്കിൽ ആ തുക ചെറുകിട വ്യവസായങ്ങൾക്കായി ഉപയോഗിക്കുന്നതാണ്.<br>9. ഒരു സംരംഭത്തിന് പരമാവധി ധനസഹായം 30 ലക്ഷം രൂപ-യായിരിക്കും. |

സെക്ഷൻ ഓഫീസർ